പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1103 — 10.08.2017 ൽ മറുപടിക്ക്

## കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ റയിൽവേ വികസന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുവാൻ പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി പുതിയ റെയിൽവേ സോൺ രൂപീ കരിക്കണമെന്ന് ആവശ്യപ്പെ ട്ടിട്ടുണ്ടോ; | (എ) ഉണ്ട്. യഥാകാലം റെയിൽവേ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) റെയിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്ന തിനായി രൂപീകരിച്ച കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ ഇപ്പോൾ നേതൃത്വം നൽകുന്നത്; വിശദമാക്കുമോ ; | (ബി) ഉണ്ട്. കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ താഴെപറയുന്ന പ്രോജക്ടുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>**ഒന്നാം ഘട്ടം**<br>1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)<br>2. തലശ്ശേരി-മൈസൂർ റെയിൽവേ പാത<br>3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കു നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ<br>5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ<br>**രണ്ടാം ഘട്ടം**<br>1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത. |

2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

**മൂന്നാം ഘട്ടം**

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(സി) തലശ്ശേരി -മൈസൂർ, അങ്കമാലി-ശബരി, ഗുരുവായൂർ-തിരുനാവായ തുടങ്ങിയ അതിവേഗ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

(സി) തലശ്ശേരി - മൈസൂർ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കേന്ദ്ര സർക്കാരുമായും കർണ്ണാടക സർക്കാരുമായും ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

അങ്കമാലി-ശബരി റെയിൽ പാതയുടെ ആവശ്യകത കണക്കിലെടുത്ത് പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്ക് കുറുകെയുള്ള പാലം പണിയും പുരോഗമിച്ചു വരുന്നു. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽ പാതയ്ക്ക് വേണ്ടി കൈമാറിയിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ ഉദ്ഘാടനം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാകും വിധം പണി പുരോഗമിച്ചു വരുന്നു.

ഗുരുവായൂർ തിരുനാവായ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാകളക്ടറും റെയിൽവേയും കൂടി നിർദ്ദേശിച്ചിട്ടുള്ള കനോലി കനാലിന് സമാന്തരമായി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് 27.10.2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ട് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടപടികൾ നടത്തുന്നതിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്. ലോക്കഷൻ സർവ്വേ പൂർത്തിയായിട്ടില്ല ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ. ഗുരുവായൂർ മുതൽ കുന്നംകുളം വരെയുള്ള ഭാഗത്ത് ഭാഗിക പ്രവർത്തികൾക്കായി 62 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 0.20 ഹെക്ടർ ഭൂമി ഗുരുവായൂർ യാർഡിനായി എടുത്തു നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടത് റെയിൽവേയാണ്.

അണ്ടർ സെക്രട്ടറി